**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **4082** — **16.12.2014**- ലെ മറുപടിക്ക്

## അർബൻ ബാങ്കുകൾക്ക് സൂപ്പർ ഗ്രേഡ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. ഉബൈദുള്ള** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) റിസർവ്വ് ബാങ്ക് ലൈസൻസുള്ള അർബൻ ബാങ്കുകൾക്ക് സൂപ്പർ ഗ്രേഡ് നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) സൂപ്പർ ഗ്രേഡ് നടപ്പാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. കേരള സഹകരണ ചട്ടം അപ്പന്റിക്സ് III ഭേദഗതി ചെയ്യുന്ന വേളയിൽ ആവശ്യമെങ്കിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| ബി) നഷ്ടത്തിലിരിക്കുന്ന ബാങ്കുകൾക്ക് റിവൈവൽ പാക്കേജും സർക്കാർ ഓഹരിയും, നബാർഡ് കാർഷിക വായ്പയ്ക്ക് അനുവദിക്കുന്ന പലിശയിളവ് മാതൃകയിൽ റിസർവ്വ് ബാങ്കിൽ നിന്നും അർബൻ ബാങ്കുകൾക്ക് ആശ്വാസമായ പലിശയിളവ് വായ്പയും ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) അർബൻ സഹകരണ ബാങ്കുകൾ റിസർവ്വ് ബാങ്ക് ലൈസൻസോടെ ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹകരണ ബാങ്കുകളാണ്. സ്വീകരിക്കുന്ന നിക്ഷേപങ്ങളുടെ പലിശ നിരക്കും വായ്പകൾക്ക് ഈടാക്കുന്ന പലിശ നിരക്കും, മാർജിനും എല്ലാം അതാത് ബാങ്കുകൾ തന്നെയാണ് തീരുമാനിച്ചു വരുന്നത്. ഇത്തരം ബാങ്കുകൾക്ക് റിവൈവൽ പാക്കേജ് നടപ്പാക്കുന്ന കാര്യം പരിഗണനയിലില്ല. മൂലധന പര്യാപ്തത നിഷ്കർഷിച്ചിട്ടുള്ള 9 % ൽ കുറവായ അർബൻ ബാങ്കുകൾക്ക് മൂലധന പര്യാപ്തത കൈവരിക്കുന്നതിന് 10 ലക്ഷം രൂപ സർക്കാർ ഓഹരി മൂലധനം അനുവദിക്കുന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ട്. നബാർഡ് കാർഷിക വായ്പയ്ക്ക് അനുവദിക്കുന്ന പലിശയിളവ് മാതൃകയിൽ അർബൻ ബാങ്കുകൾക്കായി എന്തെങ്കിലും പദ്ധതി റിസർവ് ബാങ്ക് ആവിഷ്കരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരും, റിസർവ് ബാങ്കുമാണ് നടപടി സ്വീകരിക്കേണ്ടത്. |
| സി) അർബൻ ബാങ്കുകളുടെ സമഗ്ര പുരോഗതിക്കും പ്രൊഫഷണലൈസേഷനും വേണ്ടി ഒരു അപ്പെക്സ് സ്ഥാപനം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ? | (സി) അർബൻ സഹകരണ ബാങ്കുകളുടെ അപ്പക്സ് സ്ഥാപനം കേരള സംസ്ഥാന സഹകരണ അർബൻ ബാങ്ക് ഫെഡറേഷൻ ക്ലിപ്തം എന്ന് കേരള സഹകരണ ചട്ടം 15-ൽ വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ ചട്ടം ഭേദഗതി ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**